പത്രക്കുറിപ്പ്

## കുട്ടികളുടെ ആറാമത് പരിസ്ഥിതി കോൺഗ്രസ്സ് – 2013

## അപേക്ഷ തീയതി ഒക്ടോബർ 31 വരെ നീട്ടി

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംഘടിപ്പിക്കുന്ന കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അപേക്ഷകൾ സമർപ്പിക്കേണ്ട തീയതി 21/10/2013 എന്നത് 31/10/2013 – ആയി നീട്ടിയതായി ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചു.

മത്സരങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഗവൺമെന്റ്/ എയ്ഡഡ് / അൺ എയിഡഡ് സ്കൂളുകൾ നിശ്ചിത ഫോറത്തിൽ ഒക്ടോബർ 31–ന് മുമ്പായി – മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിദ്ധ്യബോർഡ്, പള്ളിമുക്ക് പി.ഒ., പേട്ട, തിരുവനന്തപുരം–695024 എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനും www.keralabiodiversity.org സന്ദർശിക്കുക. ഫോൺ: 0471–2740240, 9447220867.

മെമ്പർ സെക്രട്ടറി

# കുട്ടികളുടെ ആറാമത് പരിസ്ഥിതി കോൺഗ്രസ്സ് – 2013

## (ജൈവവൈവിധ്യത്തിന്റെ പതിറ്റാണ്ട് – 2011–2020)

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ പരിസ്ഥിതി ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വർഷംതോറും നടത്തിവരുന്ന പരിപാടിയാണ് കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ്. 2008-ൽ ആരംഭിച്ച ഈ പരിപാടിയിലൂടെ സംസ്ഥാനത്തിനത്തിലുടനീളം വിവിധ സ്കൂളുകളിലെ കുട്ടികളിലും അധ്യാപകരിലും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ആഴത്തിലുള്ള അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു. ഈ വർഷവും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2013 നവംബർ മാസത്തിൽ തിരുവനന്തപുരത്ത് വച്ച് കുട്ടികളുടെ ആറാമത് പരിസ്ഥിതി കോൺഗ്രസ്സ് നടത്തുന്നു.

**നവംബർ 15 മുതൽ 16 വരെ തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരത്തിൽ** വച്ച് നടത്തുന്ന ഈ പരിപാടിയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിലുള്ള വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾക്ക് പങ്കെടുക്കാവുന്നതാണ്. ഈ വർഷം മുതൽ അൺ എയിഡഡ് സ്കൂളുകൾക്കും ഇതിൽ ഭാഗഭാക്കാവാം.

| | |
|---|---|
| **15.11.2013** | |
| 09.00 a.m. | രജിസ്ട്രേഷൻ |
| 10.00 a.m. | ഉദ്ഘാടനം |
| 11.00 a.m. | ചിത്രരചന (യു.പി.) പോസ്റ്റർ നിർമ്മാണം (ഹൈസ്കൂൾ) കാർട്ടൂൺ രചന (ഹയർ സെക്കന്ററി)<br>(പരിസ്ഥിതി സംബന്ധിയായ വിഷയം മത്സരവേദിയിൽ അറിയിക്കും) |
| 11.00 a.m. | പ്രസംഗമത്സരം (യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ)<br>(പരിസ്ഥിതി സംബന്ധിയായ വിഷയം മത്സരവേദിയിൽ അറിയിക്കും) |
| 2.00 p.m. | പ്രോജക്ട് അവതരണം<br>യു.പി. – 'ജലാശയങ്ങൾ – ജൈവവൈവിധ്യത്തന്റെ കലവറകൾ'<br>ഹൈസ്കൂൾ – 'നമ്മുടെ കാർഷിക ജൈവവൈവിധ്യം '<br>ഹയർ സെക്കന്ററി – 'ജൈവവൈവിധ്യം നമ്മുടെ സമ്പത്ത്, പൈതൃകം, ഉത്തരവാദിത്തം' |
| 5.00 p.m. | ക്വിസ് മത്സരം (യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ) |
| 6.00 p.m. | കലാപരിപാടികൾ (മത്സര ഇനമല്ല)<br>മറ്റ് മത്സരങ്ങളിൽ പങ്കെടുക്കാനെത്തുന്ന കുട്ടികൾക്കും ഒപ്പം വരുന്ന അധ്യാപകർക്കും കലാപരിപാടികൾ അവതരിപ്പിക്കാവുന്നതാണ്. |
| **16.11.2013** | |
| 09.00 a.m. | ഡോക്കുമെന്ററി പ്രദർശനം |
| 11.00 a.m. | സമാപന സമ്മേളനം, സമ്മാന വിതരണം |

**മത്സരങ്ങളുടെ സമയക്രമവും നിബന്ധനകളും**

| തീയതി | മത്സരഇനം | വിഭാഗം | മത്സരാർത്ഥികൾ കൊണ്ടുവ രേണ്ടത് | സമയം |
|---|---|---|---|---|
| 15.11.2013 11.00 a.m. | ചിത്രരചന, പോസ്റ്റർ നിർമ്മാണം, കാർട്ടൂൺ രചന | UP, HS, HSS | കളർ, ബ്രഷ്, പാലറ്റ് | 2 മണിക്കൂർ |
| 15.11.2013 11.00 a.m. | പ്രസംഗം (മലയാളം) | UP, HS, HSS | - | 5 മിനിട്ട് |
| 15.11.2013 02.00 p.m. | പ്രോജക്ടവത രണം (മലയാളം) | UP, HS, HSS | 10 പേജിൽ കുറയാത്ത പ്രബന്ധം | 5 മിനിട്ട് |
| 15.11.2013 05.00 p.m. | ക്വിസ്സ് മത്സരം | UP, HS, HSS | | 1 മണിക്കൂർ |

- വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ താല്പര്യമുള്ള സ്കൂളുകൾ പ്രസംഗം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, കാർട്ടൂൺ രചന, ക്വിസ് എന്നിവയിൽ പല തലങ്ങളിലായി മത്സരങ്ങൾ നടത്തി അതിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കുന്ന കുട്ടികളെയാണ് പങ്കെടുപ്പിക്കേണ്ടത്.

- പ്രോജക്ട് അവതരണത്തിന് ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള വിഷയത്തെ ആസ്പദ മാക്കി 10 പേജിൽ കുറയാത്ത പ്രബന്ധമാണ് എഴുതി തയ്യാറാക്കേണ്ടത്. പേപ്പറിന്റെ ഒരു വശത്തുമാത്രമേ എഴുതാൻ പാടുള്ളൂ. തയ്യാറാക്കിയ പ്രോജക്ടിന്റെ കോപ്പി, തയ്യാറാക്കി അവതരിപ്പിക്കുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ പേര്, ക്ലാസ്സ്, സ്കൂളിന്റെ പേരും അഡ്രസ്സും, ബന്ധപ്പെട്ട അധ്യാപകന്റെ പേര്, ബന്ധപ്പെടേണ്ട നമ്പർ എന്നിവ സഹിതം - മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പള്ളിമുക്ക്, പേട്ട പി.ഒ., തിരുവനന്തപുരം - 695 024 എന്ന വിലാസത്തിൽ ഒക്ടോബർ 21 ന് മുമ്പായി അയച്ചുതരേ ണ്ടതാണ്.

- ബോർഡിൽ ലഭിക്കുന്ന പ്രബന്ധങ്ങൾ ഒരു വിദഗ്ധ സമിതി പരിശോധിക്കുന്നതാണ്. തെര ഞ്ഞെടുക്കപ്പെടുന്ന മികച്ച പ്രബന്ധങ്ങളുടെ രചയിതാക്കൾക്ക് മാത്രമേ പരിസ്ഥിതി കോൺഗ്രസ്സിൽ അവ അവതരിപ്പിക്കുവാൻ അവസരം നൽകുകയുള്ളൂ. തെരഞ്ഞുക്കപ്പെ ടുന്ന പ്രബന്ധങ്ങളുടെ വിവരം ഫോൺ മുഖേന ബന്ധപ്പെട്ട സ്കൂൾ അധ്യാപകനെ അറിയി ക്കുന്നതായിരിക്കും.

- കേരളത്തിലെ എല്ലാ സ്കൂളുകൾക്കും കോൺഗ്രസ്സിലും അതിനോടനുബന്ധിച്ച് നടക്കുന്ന മത്സരങ്ങളിലും പങ്കെടുക്കാൻ അർഹതയുണ്ട്.

- ഗവ./ എയിഡഡ്, അൺ എയിഡഡ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ചായിരിക്കും മത്സരങ്ങൾ നടത്തുക.

- തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുനിന്നും വരുന്നവർക്ക് താമസസൗകര്യം നൽകുന്നതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും യാത്രാബത്ത (ട്രെയിൻ - സ്ലീപ്പർ ടിക്കറ്റ് ചാർജ്) അനുവദിക്കുന്നതാണ്. ടിക്കറ്റിന്റെ കോപ്പി നിർബന്ധമായും ഹാജരാക്കണം. സ്കൂളിൽ നിന്നും റയിൽവേ സ്റ്റേഷൻ വരെയുള്ള ബസ് ചാർജും നൽകുന്നതായിരിക്കും.

- മത്സരങ്ങളിൽ പങ്കെടുക്കാനെത്തുന്ന വിദ്യാർത്ഥിനികൾക്കൊപ്പം ഒരധ്യാപികയും വിദ്യാർത്ഥികൾക്കൊപ്പം ഒരു അധ്യാപകനും എത്തിച്ചേരേണ്ടതാണ്. ഒന്നിലധികം അധ്യാപകനോ അധ്യാപികയോ പരിപാടിയിൽ പങ്കെടുക്കാൻ എത്തിച്ചേരുന്നുണ്ടെങ്കിൽ താമസത്തിനും, യാത്രയ്ക്കും വേണ്ട ചെലവുകൾ അവരവർ തന്നെ വഹിക്കേണ്ടതാണ്.

- പൂരിപ്പിച്ച അപേക്ഷാഫോം ഓക്ടോബർ 21-ാം തീയതിയ്ക്കകം താഴെപ്പറയുന്ന മേൽവിലാസത്തിൽ ലഭിച്ചിരിക്കണം.

**The Member Secretary**
**Kerala State Biodiversity Board**
**Pallimukku, Pettah P.O.**
**Trivandrum – 695 024**

- വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- മത്സരവിജയികൾക്ക് ട്രോഫിയും, സർട്ടിഫിക്കറ്റും ലഭിക്കുന്നതോടൊപ്പം മേൽപ്പറഞ്ഞ മത്സരങ്ങൾക്ക് ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കുന്ന സ്കൂളിന് റോളിങ്ങ് ട്രോഫിയും ലഭിക്കും. സമ്മാനവിതരണം, പോയിന്റ് നിശ്ചയിക്കൽ, റോളിംഗ് ട്രോഫി സമ്മാനിക്കൽ ഇവ ബോർഡിന്റെ മാനദണ്ഡങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായിരിക്കും. ഇതിൽ യാതൊരുവിധ ചോദ്യം ചെയ്യലുകളും അനുവദിക്കുന്നതല്ല.

അന്വേഷണങ്ങൾക്ക് : ഡോ.ആനി മത്തായി, Ph : 0471 – 2740240, 9447220867

# കുട്ടികളുടെ ആറാം പരിസ്ഥിതി കോൺഗ്രസ്സ് – 2013

## അപേക്ഷാഫോം

| | | |
|---|---|---|
| 1. | സ്കൂളിന്റെ പേര് | |
| 2. | അഡ്രസ്സ്<br><br>ഫോൺ നമ്പർ<br>ഇ-മെയിൽ അഡ്രസ്സ് | |
| 3. | ബന്ധപ്പെടേണ്ട വ്യക്തിയുടെ പേര് | |
| 4. | വിദ്യാർത്ഥികളോടൊപ്പം എത്തിച്ചേരുന്ന അധ്യാപകന്റെ / അധ്യാപികയുടെ പേര്, ഫോൺ നമ്പർ | |
| 5. | മത്സരങ്ങൾ നടത്തിയ തീയതി | |
| 6. | മത്സര വിജയികൾ (കോൺഗ്രസ്സിൽ പങ്കെടുക്കാൻ അർഹത നേടിയവർ) | |

| | ഇനം | വിഭാഗം | വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ പേര് |
|---|---|---|---|
| | ചിത്രരചന, പോസ്റ്റർ നിർമ്മാണം, കാർട്ടൂൺ രചന | UP | |
| | | HS | |
| | | HSS | |
| | പ്രസംഗം | UP | |
| | | HS | |
| | | HSS | |
| | ക്വിസ്സ് മത്സരം | UP | |
| | | HS | |
| | | HSS | |
| | പ്രോജക്ടവതരണം* | UP | |
| | | HS | |
| | | HSS | |

* പ്രബന്ധം തയ്യാറാക്കി അയച്ചു തരേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ടാൽ അറിയിക്കുന്നതായിരിക്കും

7. പങ്കെടുക്കുന്നവരുടെ എണ്ണം

| Students | | | Accompanying Teacher/s (Maximum 2) | | | Total |
|---|---|---|---|---|---|---|
| Male | Female | Total | Male | Female | Total | |
| | | | | | | |

8. താമസ സൗകര്യം ആവശ്യമുണ്ടോ ഉണ്ട്/ ഇല്ല ഉണ്ടെങ്കിൽ എത്രപേർക്ക് ☐

Place: Name

Date:

Signature of Headmaster / Principal

Seal